(ബി) അറിയിച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്. ധനവിനിയോഗം, പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ അഭിപ്രായം അറിയിക്കുവാൻ കഴിയുകയുള്ളൂ.

ഐ.എ.വൈ. പദ്ധതി

49 (1447) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിരുന്നുവെന്ന് പറയാമോ ;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം ഇതേവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പറയാമോ ;

(സി) എല്ലാ വീടുകളും പൂർത്തിയാക്കുന്നതിനാവശ്യമായ തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഇ) പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന വീടുകൾക്ക് ഈ സാമ്പത്തിക വർഷം തന്നെ തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിരാ ആവാസ് യോജന പ്രകാരം 189819 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) സ്പിൽ ഓവർ ഉൾപ്പെടെ 165074 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി-ഇ) ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ നൽകുന്നതിൽ കടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതിൽ 2012-13 മുതൽ ഫണ്ട് ദൗർലഭ്യം കാരണം സംസ്ഥാന സർക്കാർ അധികമായി നൽകുന്ന തുകയിൽ കടിശ്ശിക വന്നിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ 2014-15 പദ്ധതി വിഹിതത്തിൽ തൻവർഷം ചെലവഴിക്കാൻ സാധ്യതയില്ലാത്ത ഫണ്ട് ഐ.എ.വൈ.-യുടെ അധിക വിഹിതത്തിനായി നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly